ഹൈസ്കൂൾ

കൂട

കളികൾ



# പ്രവർത്തനം 1

## പ്രശ്നപദം

കുട്ടുകാർ ശാസ്ത്രകേരളം മാസികയിൽ വരുന്ന പദപ്രശ്നങ്ങൾ കണ്ടിട്ടില്ലേ.. അവയുടെ ഉത്തരം കണ്ടെത്താൻ ശ്രമിക്കാറുമുണ്ടാവും. അത്തരം ഒരു പദപ്രശ്നം നമുക്ക് സ്വയം ഉണ്ടാക്കി നോക്കിയാലോ? പദപ്രശ്നം ഉണ്ടാക്കാൻ ചോദ്യങ്ങൾ വേണം, പിന്നെ എത്ര കള്ളികൾ വേണം എന്ന് തീരുമാനിക്കണം. കീഴോട്ട്, വലത്തോട്ട് എന്നിങ്ങനെ ഏത് ദിശയിൽ ഉത്തരം എഴുതണം എന്ന നിർദ്ദേശങ്ങളും ഉത്തരത്തിൽ എത്ര അക്ഷരം ഉണ്ട് എന്ന സൂചനയും നൽകണം. ആദ്യം ചോദ്യങ്ങൾ ഉണ്ടാക്കാൻ ഒരു വിഷയം തിരഞ്ഞെടുക്കു. നിങ്ങൾക്ക് ഇഷ്ടമുള്ള എന്തും ആവാം. ചോദ്യങ്ങൾ തിരഞ്ഞെടുത്ത ശേഷം ഉത്തരങ്ങൾ പദപ്രശ്നത്തിന്റെ ചതുരത്തിൽ വെക്കാൻ കഴിയുന്ന രീതിയിൽ സജ്ജീകരിക്കണം. ഇതെങ്ങനെ സാധിക്കും എന്ന്



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

ഹൈസ്കൂൾ



## കൂട
കളികൾ

# പ്രവർത്തനം 1

ആലോചിച്ച് നോക്കൂ. ശാസ്ത്രകേരളം മാസികയിലെ ഏതെങ്കിലും പദപ്രശ്നത്തിന്റെ ഉത്തരം നോക്കിയാൽ ഇത് നിങ്ങൾക്ക് പിടി കിട്ടും. ഇങ്ങനെ തയ്യാറാക്കിയ പദപ്രശ്നം സ്കൂളിലെ കൂട്ടുകാരുമായും സുഹൃത്തുക്കളുമായും പങ്കുവെക്കണം. ഒന്നിൽ നിർത്തണം എന്നില്ല, വിവിധ വിഷയങ്ങൾ തിരഞ്ഞെടുത്ത് അവയിൽ നിങ്ങൾക്ക് ഇഷ്ടമുള്ളത്ര പദപ്രശ്നങ്ങൾ ഉണ്ടാക്കി നോക്കൂ. സുഹൃത്തുക്കൾക്ക് വെല്ലുവിളി ഉയർത്താൻ കഴിയുന്ന ഒന്നായിരിക്കണം നിങ്ങൾ ഉണ്ടാക്കുന്ന പദപ്രശ്നം. നിങ്ങൾക്ക് ഇഷ്ടപ്പെട്ടതും വെല്ലുവിളി ഉയർത്തുന്നതുമായ ഒന്ന് ഉണ്ടാക്കിയാൽ അത് ലൂക്കാ മാഗസിനു അയക്കാൻ മറക്കരുത്.

